(ബി) 10 കോടി രൂപ വീതം

(സി) ഉണ്ട്.

(ഡി) 7.56 കോടി രൂപ

(ഇ) 7.56 കോടി രൂപ അനുവദിച്ച് 10-8-2000-ൽ സർക്കാർ ഉത്തരവാക്കിയിട്ടുള്ള തുക ഉടനെ ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശം വ്യവസായ വകുപ്പു ഡയറക്ടർ നൽകിയിട്ടുണ്ട്.

സിമന്റ് വില

17 (584) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിനു പുറത്തുള്ള സിമന്റ് കമ്പനികൾ സംസ്ഥാനത്ത് വിൽക്കുന്ന സിമന്റിന്റെ വില എപ്പോഴെല്ലാം വർദ്ധിപ്പിച്ചു. ഇപ്പോൾ സിമന്റ് വില എത്രയാണ് ;

(ബി) സിമന്റു വില വർദ്ധിപ്പിക്കാനുള്ള സാഹചര്യമെന്തായിരുന്നു ; വിശദമാക്കാമോ;

(സി) മറ്റ് കമ്പനികൾ സിമന്റ് വില വർദ്ധിപ്പിച്ചപ്പോൾ പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സും അതിനു തുല്യമായി വില വർദ്ധിപ്പിച്ചുവോ ;

(ഡി) എന്തടിസ്ഥാനത്തിലാണ് മലബാർ സിമന്റ്സ് വില വർദ്ധിപ്പിച്ചത് എന്ന് വിശദമാക്കാമോ ;

(ഇ) മലബാർ സിമന്റ്സ് ഉണ്ടാക്കുന്ന അസംസ്കൃത സാധനങ്ങൾക്കോ, മറ്റേതെങ്കിലും സർവ്വീസുകൾക്കോ, വില വർദ്ധിച്ചിരുന്നുവോ ; എങ്കിൽ എത്രമാത്രമെന്ന് വിശദികരിക്കുമോ ;

(എഫ്) മറ്റ് സിമന്റ് കമ്പനികൾ വില വർദ്ധിപ്പിച്ചപ്പോൾ മലബാർ സിമന്റ്സ് അതനുസരിച്ച് വില വർദ്ധിപ്പിക്കാതിരുന്നുവെങ്കിൽ സംസ്ഥാനത്തെയും അയൽ സംസ്ഥാനങ്ങളിലെയും മാർക്കറ്റ് മലബാർ സിമന്റ്സിന് ലഭിക്കുകയും മറ്റു കമ്പനികൾ സംസ്ഥാനത്ത് സിമന്റ് വില കുറയ്ക്കുവാൻ നിർബന്ധിതരാവുകയും ചെയ്യുമായിരുന്നു എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ജി) മലബാർ സിമന്റ്സിലെ സിമന്റിന് വില കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിപണിയിൽ ലഭ്യമായ വിവരമനുസരിച്ച് 15-6-2000, 1-7-2000, 15-7-2000, 30-7-2000, 13-10-2000, 15-11-2000, 5-1-2001 എന്നീ തീയതികളിൽ സിമന്റു വില വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ സിമന്റിന്റെ ശരാശരി വില ചാക്കിന് 195 രൂപാ മുതൽ 205 രൂപാ വരെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിപണിയിലെ സിമന്റിന്റെ അമിതമായ ലഭ്യത കാരണം ലാഭത്തിലുണ്ടാകുന്ന കുറവാണ് വില വർദ്ധിപ്പിക്കുന്നതിനുള്ള പ്രധാന പ്രേരണയെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

(സി & ഡി) വിപണിയിൽ നിലവിലുള്ള സാഹചര്യം അടിസ്ഥാനമാക്കി മലബാർ സിമന്റ്സിന്റെ ഉല്പന്നങ്ങളുടെ വിലയിൽ മാറ്റം വരുത്തിയിട്ടുണ്ട്.

(ഇ) സിമന്റുല്പാദനത്തിന്റെ പ്രധാന അസംസ്കൃത വസ്തുവായ ചുണ്ണാമ്പുകല്ലിന്റെ റോയൽറ്റിയിൽ 25% വർദ്ധന ഉണ്ടായിട്ടുണ്ട്. കൂടാതെ കൽക്കരി വിലയിലുണ്ടായ വർദ്ധനവ്, സിമന്റ് വ്യവസായ തൊഴിലാളികളുടെ വേജ് ബോർഡ് അവാർഡ് നടപ്പിലാക്കിയത്, ഡീസൽ വില വർദ്ധനവ് തുടങ്ങിയ ഉല്പാദന ചെലവിൽ ഗണ്യമായ വർദ്ധനവ് കാരണമായിട്ടുണ്ട്.

(എഫ്) ഇപ്പോഴത്തെ ഉല്പാദനശേഷി ഉപയോഗപ്പെടുത്തിക്കൊണ്ട് മലബാർ സിമന്റ്സിന് വിപണിയിലെ സിമന്റിന്റെ വിലയിൽ ഗണ്യമായ സ്വാധീനം ചെലുത്താൻ സാധിക്കുകയില്ല. ഉല്പാദനശേഷി വർദ്ധിപ്പിക്കുന്ന മുറയ്ക്ക് മാത്രമേ വിപണിയിൽ മത്സരശേഷി ഉളവാകുയുള്ളു

(ജി) മേൽ സൂചിപ്പിച്ചതുപോലെ ഇപ്പോഴത്തെ ഉല്പാദനശേഷി മാത്രം ഉപയോഗപ്പെടുത്തി വിപണിയിലെ സിമന്റു വില നിയന്ത്രിക്കുന്നതിന് മലബാർ സിമന്റ്സിന് കഴിയുകയില്ല. ഉല്പാദനശേഷി വർദ്ധിപ്പിക്കുകയും, വിപണനശേഷി ഉയർത്തുകയും ചെയ്യുന്ന മുറയ്ക്ക് വിപണിയിൽ മത്സരശേഷി ഉയർത്തി വില കുറയുന്നതിന് സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

വീഡിയോ പാർക്ക്

18 (585) <u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടത്ത് ആരംഭിക്കുന്ന വീഡിയോ പാർക്കിൽ എത്ര തസ്തികകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ;

(ബി) ഈ തസ്തികകളിൽ ആരെല്ലാം ജോലി ചെയ്യുന്നു ; ഇവരുടെ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, നിയമന രീതി ഇവ വ്യക്തമാക്കാമോ ;

(സി) എത്ര യൂണിറ്റുകളാണ് വീഡിയോ പാർക്കിൻ കീഴിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) ഇതിനുവേണ്ടി ഇതുവരെ തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല. ഡയറക്ടർ ബോർഡിലുള്ള കിൻഫ്രയിലെ തന്നെ ജനറൽ മാനേജർക്ക് (പ്രോജക്ട്സ്) എം.ഡി.യുടെ അഡീഷണൽ ചാർജ് കൊടുത്തിട്ടുണ്ട്. കൂടാതെ കിൻഫ്രയുടെ മറ്റു പ്രോജക്ടുകളിൽ നിന്നുള്ള രണ്ടുപേരെ വർക്കിംഗ് അറേഞ്ചുമെന്റിൽ ഈ പ്രോജക്ടിലേയ്ക്ക് നിയോഗിച്ച് പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly